പയ്യന്നൂർ നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തി

264 (4015) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർനിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി 25 ലക്ഷം രൂപ അനുവദിച്ച് ടെണ്ടർ നടപടികൾ പൂർത്തിയായ സ്വാമിമുക്ക്-പുത്തൂർ-പെരളം-വെള്ളൂർ-ആലിൻകീഴിൽ റോഡ് പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തിക്ക് അധിക ടെണ്ടർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട ടെണ്ടർ രേഖകൾ ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അയച്ച തീയതി അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഡി) ടെണ്ടർ രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ലഭിച്ച തീയതി വ്യക്തമാക്കുമോ ;

(ഇ) കരാറുകാരന് ഇതുമായി ബന്ധപ്പെട്ട വർക്ക് ഓർഡർ നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഇ) സ്വാമിമുക്ക്-പുത്തൂർ-പെരളം-വെള്ളൂർ-ആലിൻകീഴിൽ റോഡ് (കി.മീ. 8/500 മുതൽ 10/200) എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ടെണ്ടർ 26-3-2015 തീയതിയിലെ സ.ഉ. (സാധാ) 474/2015/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10.31% അധിക നിരക്കിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ രേഖകൾ ചീഫ് എഞ്ചിനീയർ 31-3-2015-ൽ തന്നെ കണ്ണൂർ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിരുന്നു. എന്നാൽ പ്രസ്തുത രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 24-7-2015-ന് ആയതിന്റെ പകർപ്പ് വീണ്ടും നൽകിയിട്ടുണ്ട്. കരാറുകാരന് എത്രയും വേഗം സെലക്ഷൻ നോട്ടീസ് നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly